(ഇ) ഇക്കാലയളവിൽ വരൾച്ചമൂലം കൃഷിനശിച്ച കർഷകർക്ക് എന്തു തുക വീതം സംസ്ഥാന സർക്കാർ ചെലവഴിച്ചു;

(എഫ്) ഓരോ വർഷവും എത്ര ഏക്കർ സ്ഥലത്തെ കൃഷിയാണ് നശിച്ചതെന്നും അതുമൂലം ഓരോ വർഷവും ഉണ്ടായ നഷ്ടം എത്രയാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. 1431.46 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്.

(ബി) ഉണ്ട്. രണ്ടു മെമ്മോറാണ്ടങ്ങൾ സംസ്ഥാനസർക്കാർ കേന്ദ്രഗവൺമെന്റിനു സമർപ്പിച്ചിട്ടുണ്ട്. 1479.02 കോടി രൂപയുടെ ധനസഹായമാണ് ഇതുവഴി ആവശ്യപ്പെട്ടിരിക്കുന്നത്. എന്നാൽ കേന്ദ്ര സഹായമൊന്നും ഇതുവരെ ലഭിച്ചിട്ടില്ല.

(സി കേന്ദ്രഗവൺമെന്റിൽനിന്നും സാമ്പത്തിക സഹായമൊന്നും ലഭിച്ചിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) 2004-2005 വർഷത്തിൽ ഇതുവരെ 3467.58 ലക്ഷം രൂപ ചെലവഴിച്ചു. മുൻവർഷങ്ങളിൽ നൽകിയ തുകയുടെ വിവരം ശേഖരിച്ചുവരുന്നു.

(എഫ്) 2003-2004-ൽ 172673 ഹെക്ടർ സ്ഥലത്ത് 1431.46 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. മുൻവർഷങ്ങളിലെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

വരൾച്ച ദുരിതാശ്വാസത്തിനുള്ള ധനസഹായ വിതരണം

84 [3810] ശ്രീ. ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് വരൾച്ച ദുരിതാശ്വാസത്തിലുള്ള ധനസഹായ വിതരണത്തിനായി അനുവദിച്ച തുകയും വിത്തുകളും എല്ലാ കൃഷിഭവനുകളിലൂടെയും വിതരണം ചെയ്യുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിന്റെ മാനദണ്ഡങ്ങൾ വിശദീകരിക്കാമോ;

(സി) കൃഷിനാശം സംഭവിച്ച അനേകം പഞ്ചായത്തുകൾക്ക് പ്രസ്തുത ആനുകൂല്യങ്ങൾ കുറഞ്ഞുപോകുകയോ തീരെ ലഭ്യമാക്കാതിരിക്കുകയോ ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നു വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly